(1)	(2)	(3)
8.		ഗംഗാധരൻ, ജി 1939
9.		പ്രദീപൻ, ജി 1943
10.		പ്രസീത, ജി 1957
1.	Badiyadukka	ബാലകൃഷ്ണൻ, ജി 469
2.		സ്റ്റീഫൻ, ജി 864
3.		രഘുനാഥൻ, ജി 1180
4.		ശിവദാസൻ, ജി 1532
5.		വിനോദ് കുമാർ.കെ, ജി 1924
6.		ഹരി, ജി 1719

(സി) സേനാംഗങ്ങളിൽ നിന്നും സ്ഥലംമാറ്റത്തിനുള്ള ഓപ്ഷൻ സ്വീകരിച്ച ശേഷം ദൂരപരിധിയും ഭരണപരമായ സൗകര്യങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് പൊതു സ്ഥലംമാറ്റം നടപ്പിലാക്കാറുള്ളത്.

അതിർത്തി ജില്ലകളിൽ ഓപ്പറേഷൻ കുബേര

222 (3856) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനത്ത് രജിസ്ട്രേഷൻ എടുത്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന ചിട്ടി/ഫൈനാൻസ് സ്ഥാപനങ്ങൾ, പണം കടം കൊടുത്ത് അമിത പലിശ വാങ്ങുന്നതും വീടും പറമ്പും തട്ടിയെടുക്കുന്നതും സംബന്ധിച്ച് ഓപ്പറേഷൻ കുബേരയിൽ, അതിർത്തി പങ്കിടുന്ന ഓരോ ജില്ലയിൽനിന്നും നാളിതുവരെ എത്ര പരാതികൾ ലഭിച്ചു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ഇത്തരക്കാരിൽനിന്നും നാളിതുവരെ എത്ര തുക പിടിച്ചെടുത്തു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇവയിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ; പ്രതികളായി കണ്ടെത്തിയവർ ആരെല്ലാം; ഇത്തരക്കാർക്കെതിരെ എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പൂർത്തീകരിക്കാത്ത കേസുകളുടെ അന്വേഷണം പൂർത്തീകരിക്കാൻ ആഭ്യന്തര വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുപോലെ സംസ്ഥാനത്തെ വിവിധ അതിർത്തി ജില്ലകളിൽ തമിഴ്നാട് നിവാസികളായ ബ്ലേഡ് മുതലാളിമാർ വീടുകളിലെത്തി അമിത പലിശയ്ക്ക് പണം നൽകുകയും ഗുണ്ടകളെ ഉപയോഗിച്ച് പണം പിരിക്കുന്നതും വീടും പറമ്പും കൈക്കലാക്കുന്നതും സർക്കാർ പരിശോധിച്ചുവോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; കണ്ടെത്തിയ പ്രതികൾ ആരെല്ലാം ; ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കുമോ ;

(ജി) പ്രസ്തുത ബ്ലേഡുകാരെ കണ്ടെത്തി നിയന്ത്രിക്കാൻ അതിർത്തി മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ എടുത്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന ചിട്ടി/ഫൈനാൻസ് സ്ഥാപനങ്ങൾ പണം കടം കൊടുത്ത് അമിതപലിശ വാങ്ങുന്നതും വീടും പറമ്പും തട്ടിയെടുക്കുന്നത് സംബന്ധിച്ചും ഓപ്പറേഷൻ കുബേരയിൽ അതിർത്തി പങ്കിടുന്ന ഓരോ ജില്ലയിൽനിന്നും നാളിതുവരെ 48 പരാതികൾ ലഭിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത്തരക്കാരിൽനിന്നും നാളിതുവരെ 6500 രൂപ പിടിച്ചെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-എ യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) ഇവയിൽ 2 കേസുകളുടെ അന്വേഷണം പൂർത്തിയായി. വിശദാംശങ്ങൾ അനുബന്ധം- ബി ആയി ചേർത്തിരിക്കുന്നു.

(ഡി) അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ അന്വേഷണം ഊർജ്ജിതമാക്കുകയും എത്രയുംവേഗം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ഇതുസംബന്ധിച്ച് 9 പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ജി) പ്രസ്തുത ബ്ലേഡുകാരെ കണ്ടെത്തി നിയന്ത്രിക്കുവാൻ അതിർത്തി മേഖലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

കേസ്സുകൾ പിൻവലിക്കൽ

223 (3857) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാസർകോട് ജില്ലയിൽ നിന്ന് കേസ്സുകൾ പിൻവലിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; എത്ര അപേക്ഷകളിൽ തീരുമാനമായിട്ടുണ്ട് ; അനുകൂലവും പ്രതികൂലവുമായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ കേസ്സുകൾ പിൻവലിക്കാറുള്ളത്; കാസർകോട് ജില്ലാ പോലീസ് മേധാവിയോട് എത്ര അപേക്ഷകളിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് ; ഇതുവരെ ആവശ്യപ്പെട്ടതും ലഭിച്ചതുമായ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ തീയതികളടക്കം വ്യക്തമാക്കാമോ ;

ഉത്തരം

(എ) 946 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 777 അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. 483 അപേക്ഷകളിൽ അനുകൂലമായ തീരുമാനം എടുത്തിട്ടുള്ളതാണ്.

(ബി) പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിന് സർക്കാരിന് ലഭിക്കുന്ന എല്ലാ അപേക്ഷകളിന്മേലും ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ടി കേസുകൾ പൊതുതാല്പര്യത്തിന് വിരുദ്ധമല്ലെന്ന് സർക്കാരിന് തോന്നുന്ന പക്ഷം കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കുന്നതിന് സർക്കാർ സമ്മതപത്രം നൽകാറുള്ളതാണ്. കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ 169 കേസുകളിൽ തീരുമാനമെടുക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly